# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 820    30.11.2018-ൽ മറുപടിക്ക്

## അട്ടപ്പാടിയിൽ നവജാത ശിശുക്കളുടെ മരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സണ്ണി ജോസഫ് :** | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) | അട്ടപ്പാടിയിൽ നവജാത ശിശുക്കളുടെ മരണനിരക്ക് കൂടുന്നത് ഗൗരവമായി കാണുന്നുണ്ടോ; | എ) | കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അട്ടപ്പാടിയിൽ ശിശു മരണനിരക്ക് കുറഞ്ഞുവരുന്നതായാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| ബി) | 2016 മുതൽ ഇതുവരെ അട്ടപ്പാടിയിൽ എത്ര നവജാത ശിശുക്കളാണ് മരിച്ചത്; | ബി) | 2016 ൽ 13 ഉം 2017 ൽ 14 ഉം 2018 ൽ 11 ഉം നവജാത ശിശുക്കൾ മരണപ്പെട്ടിട്ടുണ്ട്. |
| സി) | ലക്ഷക്കണക്കിന് രൂപ മുടക്കിയുള്ള ആരോഗ്യസംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ചിട്ടും അട്ടപ്പാടിയിലെ നവജാത ശിശുക്കളുടെ മരണം തുടർകഥയാകുന്നത് എന്തുകൊണ്ടാണ്; | സി) | ശിശുമരണം സംഭവിച്ച കുഞ്ഞുങ്ങൾക്ക് ജന്മനാലോ പിന്നീടോ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുണ്ടായിരുന്നതായി മരണം സംബന്ധിച്ച റിപ്പോർട്ടുകളിൽ ആരോഗ്യ വകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. വീടുകളിൽ നടന്നിരുന്ന പ്രസവം, ചികിത്സാവൈമുഖ്യം, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസ്സം തുടങ്ങിയവയായിരുന്നു പ്രധാന മരണ കാരണങ്ങൾ. സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം കാരണങ്ങൾക്ക് പരിഹാരം കണ്ടെത്താനും 2013-ലെ 31-ൽ നിന്നും 2017-ൽ 14-ലേയ്ക്ക് മരണനിരക്ക് കുറച്ചുകൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്.<br><br>അട്ടപ്പാടി മേഖലയിൽ ഈ വർഷം ഇതുവരെ പട്ടികവർഗ്ഗത്തിൽപ്പെട്ട 11 നവജാത ശിശുക്കൾ മരണപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ വർഷം ആകെ 14 മരണങ്ങളാണ് ഉണ്ടായിട്ടുള്ളത്. ഈ മരണങ്ങൾ എല്ലാം തന്നെ പോഷകാഹാരക്കുറവ് മൂലമല്ലെന്നും ജന്മനാലുള്ള അസുഖങ്ങൾ കാരണമാണ് സംഭവിച്ചിട്ടുള്ളതെന്നും, അട്ടപ്പാടി ട്രൈബൽ ഹെൽത്ത് നോഡൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചെറുപ്രായത്തിലുള്ള വിവാഹം, രക്തബന്ധത്തിലുള്ളവർ തമ്മിലുള്ള വിവാഹം, തുടർച്ചയായുള്ള ഗർഭധാരണം എന്നിവയൊക്കെ ശിശുമരണങ്ങൾക്ക് കാരണമാകാറുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ശിശുമരണം തടയുന്നതിന് യുക്തമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | ഡി) | ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയും താഴെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>• കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി<br>• കുട്ടികൾക്കും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം<br>• മില്ലെറ്റ് വില്ലേജ് പദ്ധതി<br>• സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്ന സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി<br>• അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ<br>• ജനനി ജന്മ രക്ഷാ പദ്ധതി<br>• വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി<br>ഇവ കൂടാതെ അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി-ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു സംവിധാനവും ഉണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയറ്റർ, രക്ത ബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയും ഉണ്ട്. പ്രതിമാസ കുത്തിവെയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ് ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ, ക്ഷയരോഗ – അരിവാൾരോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ